**POLICE** **DEPARTMENT**

**KERALA**

**No. A2-79914/2017/MM**
District Police Office,
Malappuram
spmpm.pol@kerala.gov.in
04832734983
Dated. 13-12-2017

## **പൊന്നാനി കോസ്റ്റൽ പോലീസ് സ്റ്റേഷനിലെ രക്ഷാ പ്രവർത്തന ബോട്ടിലെ താഴെ പറയുന്ന തസ്തികകളിലേക്ക് കരാർ അടിസ്ഥാനത്തിൽ നിയമനം നടത്തുന്നതിന് യോഗ്യരായവരിൽ നിന്നും അപേക്ഷ ക്ഷണിക്കുന്നു.**

പൊന്നാനി കോസ്റ്റൽ പോലീസ് സ്റ്റേഷനിലെ രക്ഷാ പ്രവർത്തന ബോട്ടിലേക്ക് കരാർ അടിസ്ഥാനത്തിൽ 89 ദിവസത്തേക്കു നിയമിക്കുന്നതിനായി താഴെ പറയുന്ന തസ്തികകളിലേക്ക് യോഗ്യരായവരിൽ നിന്നും അപേക്ഷ ക്ഷണിക്കുന്നു. യോഗ്യത തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റ്, മെഡിക്കൽ സർട്ടിഫിക്കറ്റ്, പോലീസ് വേരിഫിക്കേഷൻ സർട്ടിഫിക്കറ്റ്, ബയോഡാറ്റ, എന്നീ രേഖകൾ അടങ്ങുന്ന അപേക്ഷ മലപ്പുറം ജില്ലാ പോലീസ് മേധാവിയുടെ ഓഫീസിൽ 31/12/2017 തീയ്യതി 05:00 മണിക്ക് മുന്പായി ലഭിക്കത്തക്ക വിധം നേരിട്ടോ തപാലിലോ സമർപ്പിക്കേണ്ടതാണ്.

ശാരീരിക ക്ഷമത : കുറഞ്ഞ ഉയരം 5 അടി 6 ഇഞ്ച്, നെഞ്ചളവ് 85 സെ.മി, വികാസം കുറഞ്ഞത് 5 സെ.മി

കാഴ്ച്ച ശക്തി : ദൂരകാഴ്ച 6/6 സ്നെല്ലൻ, സമീപ കാഴ്ച്ച 0.5 സ്നെല്ലൻ, വർണ്ണാന്ധത, നിശാന്ധത എന്നിവ പാടില്ല.

നീന്തൽ : നീന്തൽ അറിഞ്ഞിരിക്കേണ്ടതും കടലിൽ നടത്തുന്ന 500 മീറ്റർ നീന്തൽ ടെസ്റ്റിൽ വിജയിച്ചിരിക്കേണ്ടതുമാണ്.

### **1) സ്രാങ്ക് (തസ്തിക 2 എണ്ണം)**

യോഗ്യത : കേരള മൈനർ പോർട്ട്സ് നൽകിയിട്ടുള്ള മാസ്റ്റർ ക്രാഫ്റ്റ് റൂൾസ്/MMD സർട്ടിഫിക്കറ്റ് ഉള്ളവരായിരിക്കണം. ഇതിന് പുറമെ കടലിൽ 5 വർഷം ബോട്ട് ഓടിച്ച പരിചയം ഉള്ളവരായിരിക്കണം. ആയത് സംബന്ധിച്ചുള്ള എക്സ്പീരിയൻസ് സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.

പ്രായം : 01/01/2018 തീയ്യതിയിൽ 50 വയസ്സ് കവിയരുത്

### **2) എഞ്ചിൻ ഡ്രൈവർ (തസ്തിക 2 എണ്ണം)**

യോഗ്യത : കേരള മൈനർ പോർട്ട്സ് / ഡയറക്ടർ ഓഫ് പോർട്ട്സ് നൽകിയിട്ടുള്ളതും സെൽഫ് പ്രൊപ്പൽഡ് / ക്രാഫ്റ്റ്/സ്റ്റീം/മോട്ടോർ വെസ്സൽ എന്നിവയുടെ എഞ്ചിൻ ഡ്രൈവർ കോമ്പീറ്റൻസി സർട്ടിഫിക്കറ്റ് , ഇതിന് പുറമെ മെയിൻ എഞ്ചിൻ ജനറേറ്റർ, ബോട്ടിലെ ഇലക്ട്രിക്കൽ, ഇലക്ട്രോണിക്സ് ഉപകരണങ്ങൾ എന്നിവ കൈകാര്യം ചെയ്യുന്നതിനുള്ള അറിവും ഉണ്ടായിരിക്കണം.

പ്രായം : 01/01/2018 തീയ്യതിയിൽ 50 വയസ്സ് കവിയരുത്

### **3) ലാസ്കർ (തസ്തിക 2 എണ്ണം)**

യോഗ്യത : കേരള മൈനർ പോർട്ട്സ്/ ചീഫ് ഇൻസ്പെക്ടർ ഓഫ് പോർട്ട്സ് നൽകിയിട്ടുള്ള ലാസ്കർ സർട്ടിഫിക്കറ്റ് ഉള്ളവരായിരിക്കണം. ഇതിന് പുറമെ കടലിൽ ജോലി ചെയ്തുള്ള 3 വർഷത്തെ പ്രവൃത്തി പരിചയം ഉണ്ടായിരിക്കണം.

പ്രായം : 01/01/2018 തീയ്യതിയിൽ 50 വയസ്സ് കവിയരുത് .

## <u>4) മറൈൻ റെസ്ക്യൂ ഹോം ഗാർഡ് (തസ്തിക 1 എണ്ണം)</u>

യോഗ്യത : ഏഴാം ക്ലാസ്സ വരെ പഠിച്ചിരിക്കണം , 5 വർഷം പുറം കടലിൽ ജോലി ചെയ്യുള്ള പരിചയം, കടലിൽ രക്ഷാ പ്രവർത്തനം നടത്താനുള്ള കഴിവും ഉണ്ടായിരിക്കണം.

പ്രായം : 01/01/2018 തീയ്യതിയിലേക്ക് 24 വയസ്സ പൂർത്തിയായിരിക്കണം

Debesh Kumar Behera IPS
District Police Chief

Internal Administrative Processing System
iAPS
KERALA POLICE